(ഡി) വ്യാജരേഖ ചമച്ചാണ് പ്രസ്തുത അദ്ധ്യാപകനെ സ്കൂളിൽ നിന്ന് പുറത്താക്കിയതെന്നും പിരിച്ചുവിട്ട നടപടി തെറ്റാണെന്നും ഡി.പി.ഐ. റിപ്പോർട്ട് നൽകിയിട്ടും മുൻ ഡി.ഡി.ഇ.-യും സ്കൂൾ പ്രധാന അദ്ധ്യാപികയും ഉൾപ്പെടെയുള്ളവർക്കെതിരെ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട്; വ്യക്തമാക്കുമോ;

(ഇ) കെ. കെ. അനീഷിന്റെ ഭാര്യക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന മാനേജ്മെന്റുകൾക്കെതിരെ നടപടിയെടുക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ട്. മാനേജ്മെന്റുകളുടെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക വിലയിരുത്തൽ നടത്തിയിട്ടില്ല.

(ബി) നിലവിൽ ഇത്തരമൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂളിലെ മാനേജർ (പവർ ഓഫ് അറ്റോർണി) ശ്രീ. സെയ്തലവിക്കെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും കൈക്കൊണ്ട അച്ചടക്ക നടപടി, ടിയാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 12118/2015-ന്റെ 28-7-2015-ലെ വിധിന്യായ പ്രകാരം തടഞ്ഞിട്ടുള്ളതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) സർവ്വീസിൽ നിന്നും വിരമിച്ച മലപ്പുറം ജില്ലാ മുൻ വിദ്യാഭ്യാസ ഉപഡയറക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ ഇതുവരെ തീരുമാനമെടുത്തിട്ടില്ല. പ്രധാനാദ്ധ്യാപിക ശ്രീമതി സുധ. പി. നായർക്കെതിരെയുള്ള അച്ചടക്ക നടപടി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ തുടർന്നു വരുന്നു.

(ഇ) ഇല്ല.

അടൂർ വിദ്യാഭ്യാസ ജില്ല

65 (1141) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ വിശദമാക്കാമോ;

(ബി) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുമെന്ന് നിയമസഭയിൽ നൽകിയ ഉറപ്പ് സമയബന്ധിതമായി പാലിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly